8
തിങ്കൾ
2018 ഒക്ടോബർ
1194 കന്നി 22

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള
ജനൽ
ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ പുസ്തകം 11 ലക്കം 295 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

ആദായനികുതി ഉദ്യോഗസ്ഥർ ചമഞ്ഞ് തട്ടിപ്പ്; നാലുപേർ അറസ്റ്റിൽ

തലശേരി: ആദായ നികുതി വകുപ്പ് ഉദ്യോഗസ്ഥർ ചമഞ്ഞ് വീട് റെയ്ഡ് ചെയ്ത് പണം തട്ടിയെടുത്ത സംഘത്തിലെ നാലുപേരെ എ.എസ്.പി ചൈത്ര തെരേസ ജോണിന്റെ നേതൃത്വത്തിൽ പോലീസ് പിടികൂടി. തൃശൂർ ഒടകര സ്വദേശികളായ പണക്കാവിലെ ബിനു എന്ന ജാക്കി വിനു (36), കൊടകര കനകമലയിലെ ദീപു (34), മലപ്പുറം മഞ്ചേരി വെള്ളുവമ്പ്രം ഏലിയങ്കാട് ലത്തീഫ് (42), തലശേരി പാളയാട് ചിറക്കുനിയിൽ ഗുൽഷൺ ഹൗസിൽ നൗഫൽ (36) എന്നിവരാണ് പിടിയിലായത്.

കഴിഞ്ഞ സപ്തംബർ 20ന് പുലർച്ചെ സെയ്ദാർ പള്ളി – ജഗന്നാഥ ടെമ്പിൾ റോഡ് ഹൃദയിൽ പി.പി. മജീദിന്റെ വീട്ടിലാണ് സംഭവം നടന്നത്. മജീദും ഭാര്യയും മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളൂ. പുലർച്ചെ മൂന്ന് മണിയോടെ രണ്ട് കാറുകളിലായാണ് തട്ടിപ്പ് സംഘം മജീദിന്റെ വീട്ടിലെത്തിയത്. തലശേരി മൽസ്യ മാർക്കറ്റിൽ മൊത്ത മൽസ്യ വ്യാപാരിയാണ് മജീദ്. ഒരു ഇന്നോവ കാറിലെ അഞ്ചംഗ സംഘമാണ് മജീദിന്റെ വീട്ടിലെത്തിയത്. സംഭവത്തിന്റെ സൂത്രധാരനായ തലശേരി മൽസ്യ മാർക്കറ്റിലെ വ്യാപാരി കൂടിയായ നൗഫലും മറ്റ് ചിലരും രണ്ടാമത്തെ കാറിലുണ്ടായിരുന്നെങ്കിലും നൗഫലിനെ തിരിച്ചറിയുമെന്നതിനാൽ മജീദിന്റെ വീടിന് സമീപം എത്തിയിരുന്നില്ല. ഇന്നോവ കാറിലെത്തിയ സംഘത്തിൽ ഒരാൾ പോലീസ് യൂണിഫോം ധരിച്ചിരുന്നു. മറ്റുള്ളവർ ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥരാണെന്ന് സൂചിപ്പിക്കുന്ന നിലയിൽ കഴുത്തിൽ ടാഗ് കെട്ടിത്തൂക്കുകയും കൈവശം തിരിച്ചറിയൽ കാർഡ് കരുതുകയും ചെയ്തിരുന്നു. ഇവരുടെ കൈവശം ഫയലുകളും ഉണ്ടായിരുന്നു.

പിടിയിലായ നൗഫൽ, ലത്തീഫ്, ദീപു

പുലർച്ചെ മൂന്ന് മണി മുതൽ അഞ്ച് മണി വരെ വീടുമുഴുവൻ ഇവർ അരിച്ചുപെറുക്കി. അതിനു ശേഷം സ്ഥലം വിടുകയും ചെയ്തു. ഇവർ സ്ഥലംവിട്ടതിന് ശേഷമാണ് വീട്ടിലുണ്ടായിരുന്ന 26,000രൂപ നഷ്ടപ്പെട്ടതായി മനസിലായത്. ഇതേ തുടർന്ന് മജീദ് പോലീസിൽ പരാതി നൽകുകയായിരുന്നു.

കേരളത്തിൽ ഇതുപോലുള്ള തട്ടിപ്പ് അപൂർവ്വമായിരുന്നു. എന്നാൽ പെരുമ്പാവൂരിൽ സമാനമായ രീതിയിൽ തട്ടിപ്പ് നടന്നതായി അന്വേഷണത്തിൽ മനസിലായി. പെരുമ്പാവൂരിലെ തട്ടിപ്പ് കേസിലെ പ്രതികളുടെ ഫോട്ടോ മജീദിനെയും ഭാര്യയെയും കാണിച്ചുവെങ്കിലും അവരല്ലെന്ന് ഉറപ്പിച്ചുപറഞ്ഞു. തുടർന്ന് ചിത്രകാരനെ ഉപയോഗിച്ച് രേഖാചിത്രം തയ്യാറാക്കിയെങ്കിലും പ്രതികളുമായി അവർക്ക് ബന്ധമുണ്ടായിരുന്നില്ല. എന്നാൽ മജീദ് നൽകിയ മൊഴിയിൽ ഒരാൾ തമിഴ് സംസാരിക്കുന്നയാളാണെന്ന് വ്യക്തമാക്കിയിരുന്നു. ഇതേ തുടർന്ന് തമിഴ്നാട്ടിൽ നടത്തിയ അന്വേഷണത്തിൽ അവിടെ ഇത്തരം വ്യാപകമായ തട്ടിപ്പ് നടക്കുന്നുണ്ടെന്ന് മനസിലായി. പ്രതികൾ പിടിയിലായിട്ടില്ലെങ്കിലും തമിഴ്നാട് പോലീസിന് അവരെക്കുറിച്ച് വ്യക്തതയുണ്ടായിരുന്നു. അവർ നൽകിയ സൂചനയിൽ തട്ടിപ്പ് സംഘത്തിൽ രണ്ട് തൃശൂർ സ്വദേശികളുമുണ്ടായിരുന്നു. വീട്ടിൽ ചെന്ന് അന്വേഷിച്ചപ്പോൾ അവർ അവിടെയുണ്ടായിരുന്നില്ല. പാലക്കാട് മേഖലയിലുണ്ടെന്ന സൂചനയെ തുടർന്ന് തലശേരി കോസ്റ്റൽ എസ്.ഐ ബിജുവിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തി. പ്രതി മാസം 15,000രൂപ വാടകയുള്ള ആഡംബര വീട്ടിൽ ഇവർ താമസിക്കുന്നുണ്ടെന്ന് മനസിലായി. തുടർന്ന് വീട് വളഞ്ഞ് കൊടകര സ്വദേശികളെയും മഞ്ചേരിക്കാരനെയും പിടികൂടുകയായിരുന്നു. ഇവരിൽ നിന്ന് ലഭിച്ച വിവരത്തെ തുടർന്ന് മുഖ്യ ആസൂത്രകനായ നൗഫലിനെ ഇന്ന് പുലർച്ചെ പിടികൂടുകയായിരുന്നു.

കേസിൽ മൊത്തം ഒമ്പത് പ്രതികളാണുള്ളത്. ഇനി അഞ്ചുപേരെ പിടികൂടാനുണ്ട്. അതിൽ രണ്ടുപേർ തമിഴ്നാട് സ്വദേശികളാണ്. മജീദിന്റെ വീട്ടിൽ രണ്ട് വർഷം മുമ്പ് യഥാർത്ഥ ആദായ നികുതി ഉദ്യോഗസ്ഥരുടെ റെയ്ഡ് നടന്നിരുന്നു. അതിൽ രേഖകളും മറ്റും പിടിച്ചെടുത്തിരുന്നു. ഇതേ തുടർന്ന് മജീദ് കൃത്യമായി ആദായ നികുതി അടച്ചുവരുന്നുണ്ടായിരുന്നു. ഈ സംഭവം ഉൾപ്പെടെ മജീദിന്റെ ഇടപാടുകളെ സംബന്ധിച്ച് നൗഫലിന് കൃത്യമായ വിവരം ഉണ്ടായിരുന്നു. നൗഫലിന്റെ സ്ഥാപനത്തിൽ ലത്തീഫ് കുറച്ചുകാലം ജോലി ചെയ്തിരുന്നു. ഈ പരിചയത്തിൽ നൗഫൽ ലത്തീഫുമായി ബന്ധപ്പെട്ടാണ് പദ്ധതി തയ്യാറാക്കിയത്. ലത്തീഫാണ് ദീപുവുമായി ബന്ധപ്പെട്ടത്. ദീപുവാണ് തമിഴ്നാട് സ്വദേശികളെ കൊണ്ടുവരാൻ ഏർപ്പാട് ചെയ്തത്. തലശേരി സി.ഐ എം.പി. ആസാദ്, എ.എസ്.പിയുടെ സ്ക്വാഡ് അംഗങ്ങളായ സീനിയർ സി.പി.ഒമാരായ രാജീവൻ, സുരേഷ്, ശ്രീജേഷ്, സ്റ്റേറ്റ് സ്പെഷൽ ബ്രാഞ്ച് ഉദ്യോഗസ്ഥരായ അജയകുമാർ, ബിജുലാൽ എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.

ദീപു: കാവൽക്കാരനെ കൊലപ്പെടുത്തി ജയലളിതയുടെ വീട് കൊള്ളയടിച്ച കേസ് പ്രതി

തലശേരി: ആദായ നികുതി ഉദ്യോഗസ്ഥർ ചമഞ്ഞ് തലശേരിയിൽ കവർച്ച നടത്തിയ കേസിൽ പിടിയിലായ തൃശൂർ കൊടകര സ്വദേശി ദീപു വീട് തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിതയുടെ കൊള്ളയടിച്ച കേസിലെ പ്രതി. 2017 ഏപ്രിൽ 23നായിരുന്നു ജയലളിതയുടെ ഊട്ടി കോടനാടെ അവധിക്കാല വസതിയിൽ കാവൽക്കാരനെ കെട്ടിയിട്ട് കൊലപ്പെടുത്തി കവർച്ച നടത്തിയത്. ആ കേസിൽ തൃശൂർ സ്വദേശിയായ സയനും പ്രതിയായിരുന്നു. കേസിലെ ഒന്നാംപ്രതി കനകരാജൻ സയന്റെ അടുത്ത സുഹൃത്തായിരുന്നു. സയൻ വഴിയാണ് ദീപുവും സംഘത്തിൽ ഉൾപ്പെട്ടത്. കവർച്ച നടന്ന് കുറച്ച് ദിവസം കഴിഞ്ഞ് കനക രാജൻ ദുരൂഹ സാഹചര്യത്തിൽ മരിച്ചിരുന്നു. ജയലളിതയുടെ തോഴി ശശികല അഴിമതിക്കേസിൽ ജയിലിലായിരിക്കുമ്പോഴാണ് കവർച്ച നടന്നത്.

കവർച്ചക്ക് മുമ്പ് റിഹേഴ്സൽ നടത്തി; തമ്പടിച്ചത് പറശിനിക്കടവിൽ

സദാശിവൻ ഇരിങ്ങൽ

തലശേരി: ആദായ വകുപ്പ് ഉദ്യോഗസ്ഥർ ചമഞ്ഞ് മജീദിന്റെ വീട്ടിൽ കവർച്ച നടത്തുന്നതിന് പ്രതികളുൾ വൻ ആസൂത്രണമാണ് നടത്തിയത്. സപ്തംബർ 20നാണ് സംഭവം നടന്നതെങ്കിലും രണ്ട് ദിവസം മുമ്പ് തന്നെ റിഹേഴ്സൽ നടത്തിയിരുന്നു. 18ന് സംഘാംഗങ്ങൾ പറശിനിക്കടവിൽ തമ്പടിച്ചു. 19ന് അവിടെനിന്ന് രണ്ട് വാഹനങ്ങളിലായി പുറപ്പെട്ടു. 20ന് പുലർച്ചെ മജീദിന്റെ വീടിന് മുന്നിൽ സംഘം എത്തി. പണത്തിനുവേണ്ടിയായിരുന്ന തട്ടിപ്പ് സംഘം മജീദിന്റെ വീട് അരിച്ചുപെറുക്കിയത്. എന്നാൽ രണ്ട് വർഷം മുമ്പ് നടന്ന യഥാർത്ഥ ആദായ നികുതി റെയ്ഡിനെ തുടർന്ന് മജീദ് ഇടപാടുകളെല്ലാം ബാങ്ക് മുഖേനയാണ് നടത്താറ്. വീട്ടിൽ പണമോ ആഭരണമോ സൂക്ഷിക്കാറില്ല. അതിനാലാണ് വൻ നഷ്ടം സംഭവിക്കാതിരുന്നത്. പണത്തിനുവേണ്ടി രണ്ട് മണിക്കൂറിലേറെ തട്ടിപ്പ് സംഘം തിരച്ചിൽ നടത്തുന്നതിനിടയിൽ നേരം പുലർന്നിരുന്നു. സമീപത്തെ വീടുകളിൽ ആളുകൾ ഉണരുകയും ചെയ്തു. അതിനാലാണ് മജീദിനെയും ഭാര്യയെയും അക്രമിച്ച് അവരുടെ കൈവശമുള്ള സ്വർണ്ണാഭരണം കൈക്കലാക്കാൻ നിൽക്കാതെ സംഘം സ്ഥലംവിട്ടത്. കേസിൽ ഇനി പിടികിട്ടാനുള്ള തമിഴ്നാട്ടുകാരായ രണ്ടുപേരിൽ ഒരാൾ നൂറ് പവൻ സ്വർണ്ണം മോഷ്ടിച്ച കേസിൽ പ്രതിയാണ്.

വടകരയിൽ സംഘർഷം തുടരുന്നു

വടകര: സി.പി.എം– ബി.ജെ.പി സംഘർഷം നിലനിൽക്കുന്ന വടകരയിൽ സ്ഥിതിഗതികൾ ശാന്തമായില്ല. സി.പി.എം. ഒഞ്ചിയം ഏരിയാ കമ്മിറ്റിയംഗം പി.പി. ചന്ദ്രശേഖരന്റെ കെ.ടി. ബസാറിലെ വീടിന് നേരെ ഇന്നലെ രാത്രി ബോംബേറ് നടന്നു. വീടിന്റെ വരാന്തയിൽ വീണ് ബോംബ് പൊട്ടിച്ചിതറി ജനൽഗ്ലാസുകൾ തകർന്നു. ഇതിനുപിറകെ കെ.ടി. ബസാറിലെ ബി.ജെ.പി പ്രവർത്തകൻ സാരഗിന്റെ വീടിന് നേരെ കല്ലേറ് നടന്നു. ഈ വീടിന്റെ ജനൽ ചില്ലുകളും തകർന്നിട്ടുണ്ട്. അതിന് ശേഷം ഇന്ന് പുലർച്ചെ പരവംതലയിൽ ആർ.എസ്.എസ്. ആഭിമുഖ്യമുള്ള സേവാഭാരതിയുടെ ഓഫീസിന് നേരെ അക്രമണം നടന്നു. ഓഫീസിന്റെ ജനൽ ചില്ലുകൾ തകർത്തിട്ടുണ്ട്. രണ്ട് ദിവസമായി സംഘർഷം തുടരുകയാണ്. സി.പി.എം അക്രമത്തിൽ പ്രതിഷേധിച്ച് ബി.ജെ.പി ആഹ്വാനപ്രകാരം വടകരയിൽ ഇന്ന് ഹർത്താൽ ആചരണം നടക്കുകയാണ്.

കേരളത്തിന്റെ മതേതര മനസ് തകർക്കാൻ ശ്രമം: മുഖ്യമന്ത്രി

തിരുവനന്തപുരം: ശബരിമല വിധിയെ മറയാക്കി കേരളത്തിന്റെ മതേതര മനസ് തകർക്കാൻ ശ്രമം നടക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആരോപിച്ചു. ശബരിമല വിധിക്ക് കാരണം സംസ്ഥാന സർക്കാരല്ല. കോടതി വിധി എന്തായാലും അംഗീകരിക്കുമെന്ന് സംസ്ഥാന സർക്കാർ സത്യവാങ്മൂലം നൽകിയിരുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ സർക്കാരിനെങ്ങനെ പുനഃപരിശോധന ഹർജി നൽകാൻ കഴിയുമെന്ന് അദേഹം ചോദിച്ചു.

അപകടത്തിൽ മരിച്ച അധ്യാപകന്റെ കുടുംബത്തിന് 75 ലക്ഷം നഷ്ടപരിഹാരം

തളിപ്പറമ്പ: വാഹനാപകടത്തിൽ മരണപ്പെട്ട കോളേജ് അധ്യാപകന്റെ കുടുംബത്തിന് 75 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകാൻ വിധിയായി. മയ്യിൽ മുയിപ്രയിലെ എം. വിനിൽ നമ്പ്യാരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനാണ് തളിപ്പറമ്പ എം.എ.സി.ടി. ജഡ്ജ് എ. ശങ്കരൻ നായർ വിധിച്ചത്. 2016 സപ്തംബർ ഒമ്പതിന് മയ്യിൽ ചെക്യാട്ട് കടവിലുണ്ടായ അപകടത്തിലാണ് വിനിൽ മരണപ്പെട്ടത്. സുഹൃത്തിന്റെ ബൈക്കിന്റെ പിറകിൽ ഇരുന്ന് യാത്ര ചെയ്യവെ മറ്റൊരു കാർ വന്നിടിക്കുകയായിരുന്നു. മംഗലാപുരത്ത് കൊണ്ടുപോയെങ്കിലും അവിടെ വെച്ച് മരണപ്പെടുകയായിരുന്നു. ബി.ജെ.പിയുടെ സജീവ പ്രവർത്തകനായിരുന്നു.

നഷ്ടപരിഹാരമായി ലഭിച്ച തുക വിനിലിന്റെ മാതാപിതാക്കൾക്കും രണ്ട് സഹോദരിമാർക്കും വീതിച്ചെടുക്കാം. പിതാവ് മാധവൻ നമ്പ്യാർക്കും മാതാവ് പുഷ്പക്കും പത്ത് ലക്ഷം വീതവും സഹോദരിമാരായ ബിന്ദു, വദ്യം എന്നിവർക്ക് അഞ്ച് ലക്ഷം രൂപ വീതവും നൽകും. ബാക്കി വരുന്ന തുക നാല് തുല്യ ഓഹരികളായി വീതിച്ചെടുക്കുകയും ചെയ്യാം. ഹർജിക്കാർക്ക് വേണ്ടി അഡ്വ. തോമസ് ജോസഫ് മണ്ണൂർ ഹാജരായി.

മദ്യത്തിൽ വിഷം കലർത്തി മൂന്നുപേരെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ

മാനന്തവാടി: മദ്യത്തിൽ വിഷം കലർത്തി ഒരു കുടുംബത്തിലെ മൂന്നുപേരെ കൊലപ്പെടുത്തിയ കേസിൽ യുവാവ് അറസ്റ്റിൽ. മാനന്തവാടി സ്വദേശി സന്തോഷാണ് പിടിയിലായത്. വെള്ളമുണ്ട വാരാമ്പാറ്റ കൊച്ചാറ കാവുങ്കുന്ന് കോളനിയിലെ തിഗ്നായി, മകൻ പ്രമോദ്, തിഗ്നായിയുടെ ഭാര്യാ സഹോദരന്റെ മകൻ എന്നിവരാണ് കഴിഞ്ഞ തിങ്കളാഴ്ച മദ്യം കഴിച്ച് മരണമടഞ്ഞത്. മറ്റൊരാളെ കൊല്ലാൻ വേണ്ടിയായിരുന്നു മദ്യത്തിൽ സന്തോഷ് സയനൈഡ് കലർത്തിയത്. മാനന്തവാടിയിലെ സ്വർണ്ണാഭരണ തൊഴിലാളിയായ സന്തോഷ് തനിക്ക് വൈരാഗ്യമുള്ള സജിത്തിനെ കൊലപ്പെടുത്താനായിരുന്നു മദ്യത്തിൽ വിഷം കലർത്തിയത്. കോയമ്പത്തൂരിൽ നിന്നാണ് സന്തോഷ് മദ്യം വാങ്ങിയത്. ഇതിൽ സയനൈഡ് കലർത്തി സജിത്തിന് എത്തിക്കുകയായിരുന്നു. എന്നാൽ സജിത്ത് ഈ മദ്യം തിഗ്നായിക്കാണ് നൽകിയത്. അത് കഴിച്ച് തിഗ്നായിയും മകനും ബന്ധുവും മരിക്കുകയായിരുന്നു. കോഴിക്കോട് റീജിയണൽ കെമിക്കൽ ലാബിൽ മദ്യത്തിന്റെ സാമ്പിൾ പരിശോധിച്ചപ്പോഴാണ് അതിൽ സയനൈഡ് കലർന്നതായി വ്യക്തമായത്.

ചികിൽസ ധനസഹായത്തിന്റെ മറവിൽ പാട്ടുപാടി പണം തട്ടുന്ന സംഘം പിടിയിൽ

കുടിയാൻമല: ചികിൽസ ധനസഹായത്തിനെന്ന വ്യാജേന പാട്ടുപാടി പണം തട്ടുന്ന സംഘത്തെ കുടിയാൻമല എസ്.ഐ വി.വി. ശ്രീജേഷ് പിടികൂടി. ഇടുക്കി ഉടുമ്പൻചോല കുമ്പളംകുന്നേൽ ബിജു ജോസഫ്(42), ഇടുക്കി കാന്തിപാറ കൂട്ടുങ്കലിലെ കരോട്ടയിൽ ബേബി അഗസ്റ്റിൻ (56), ജീപ്പ് ഡ്രൈവർ ഉടുമ്പൻചോല രാജാക്കാട് സ്വദേശി തമിഴരശൻ (26) എന്നിവരാണ് പിടിയിലായത്. ഇവർ സഞ്ചരിച്ച ജീപ്പും കസ്റ്റഡിയിൽ എടുത്തു.

ബിജു ജോസഫ് ഭിന്നശേഷിക്കാരനാണ്. പലരുടെയും ചികിൽസക്ക് എന്ന പേരിലാണ് ഇവർ പാട്ടുപാടി പണം സമാഹരിക്കുന്നത്. എന്നാൽ ഇവർ യഥാർത്ഥത്തിൽ പാട്ടുപാടാറില്ല. സിഡി പ്ലെയറിലിട്ട് പാടിക്കുകയും ഇവർ ചുണ്ടനക്കുകയും മാത്രമാണ് ചെയ്യാറുള്ളത് ബിജു ജോസഫാണ് പ്രധാന ഗായകനെന്ന പേരിൽ പ്രത്യക്ഷപ്പെടാറുള്ളത്. ഇടുക്കി ജില്ലയിലൊഴികെ ബാക്കി എല്ലാ ജില്ലകളിലും ഇവർ ഗാനമേള സംഘടിപ്പിക്കാറുണ്ട്. പ്രതിമാസം മൂന്ന് ലക്ഷം രൂപയോളം പാട്ടുപാടി ഇവർ സമ്പാദിക്കാറുണ്ടെന്നാണ് പോലീസിന് ലഭിച്ച സൂചന. പണം ഇവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാറാണ് പതിവ്. വീട് പണിത വകയിൽ ബിജുജോസഫിനുണ്ടായ സാമ്പത്തിക ബാധ്യത പരിഹരിക്കാനാണത്രെ പാട്ടുപാടി പിരിവ് നടത്താൻ ഇറങ്ങിയത്. പിടിയിലാകുമ്പോൾ ഇവരുടെ കൈവശം 14,000 രൂപയുണ്ടായിരുന്നു. അതിൽ ആയിരം രൂപ ഇവർക്ക് നൽകി താക്കീത് ചെയ്ത് നാട്ടിലേക്ക് വിടുയച്ചു. ബാക്കി 13,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി.

പിരിവു സംഘത്തിൽ നിന്ന് പോലീസ് കസ്റ്റഡിയിലെടുത്ത ജീപ്പ്

സാമൂഹ്യ സമുത്വമുന്നണി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ നടത്തിയ ശബരിമല സംരക്ഷണ കൂട്ടായ്മ

ശബരിമല സംരക്ഷണ കൂട്ടായ്മ സംഘടിപ്പിച്ചു

കണ്ണൂർ: സാമൂഹ്യ സമത്വമുന്നണി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ ശബരിമല സംരക്ഷണ കൂട്ടായ്മ സംഘടിപ്പിച്ചു. കാമരാജ് കോൺഗ്രസ് സംസ്ഥാന ട്രഷറർ സുഭാഷ് ബോസ് ആറ്റുകാൽ ഉദ്ഘാടനം ചെയ്തു. സമത്വമുന്നണി ജില്ലാ പ്രസിഡണ്ട് പി.വി നരേന്ദ്രൻ അധ്യക്ഷത വഹിച്ചു. മലബാർ മേഖല പ്രസിഡണ്ട് തിരുവെള്ളൂർ മുരളി മുഖ്യപ്രഭാഷണം നടത്തി. തെക്കൻ വിജയൻ, പി.കെ. ജനാർദ്ദനൻ, സന്തോഷ് തെക്കേടത്ത്, രാജേഷ് പാലങ്ങാട്, ടി.പി. മോഹൻദാസ്, വിനോദ് വേറ്റുമ്മൽ, ദുർഗ്ഗാ ദാസ്, ടി.കെ. ഗണേശൻ, സജി ആലക്കോട്, ഷാജി മഞ്ചക്കണ്ടി, ലക്ഷ്മണൻ സംസാരിച്ചു.

സ്റ്റേറ്റ് ബസിടിച്ച് മൽസ്യ വിൽപ്പനക്കാരൻ മരിച്ചു; നിർത്താതെ പോയ ബസ് കാഞ്ഞങ്ങാട് വച്ച് പിടികൂടി

പയ്യന്നൂർ: കെ.എസ്.ആർ.ടി.സി ബസിടിച്ച് വഴിയാത്രക്കാരനായ മൽസ്യ വിൽപ്പനക്കാരൻ മരിച്ചു. നിർത്താതെപോയ ബസ് കാഞ്ഞങ്ങാട് വെച്ച് പിടികൂടി. എടാട്ട് പറമ്പത്ത് എ. കെ.ജി വായനശാലക്ക് സമീപം ലക്ഷംവീട് കോളനിയിലെ പൈതലേൻ ഗണേശൻ (52) ആണ് മരിച്ചത്. ഇന്നലെ രാത്രി 11 മണിയോടെ ദേശീയപാതയിൽ എടാട്ട് പി.ഇ.എസ്. വിദ്യാലയത്തിന് സമീപമായിരുന്നു

അപകടം. റോഡരികിലൂടെ നടന്നുപോവുകയായിരുന്ന ഗണേശനെ ബസിടിച്ച് തെറിപ്പിക്കുകയായിരുന്നു. രക്തത്തിൽ കുളിച്ചുകിടക്കുന്ന ഗണേശനെ അതുവഴി പിന്നീട് വന്നവരാണ് കണ്ടത്. ഉടൻ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഏത് വാഹനമാണ് ഇടിച്ചതെന്ന് ആദ്യം വ്യക്തമായില്ല. പിന്നീട് പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഇടിച്ചത് കെ.എസ്.ആർ.ടി.സി ബസാണെന്ന് കണ്ടെത്തി കാഞ്ഞങ്ങാട് വെച്ച് പിടികൂടിയത്. പാവപ്പെട്ട കുടുംബത്തിന്റെ താങ്ങും തണലുമായിരുന്നു ഗണേശൻ. മൽസ്യ വിൽപ്പന നടത്തിയാണ് ഭാര്യയും കുട്ടികളുമടങ്ങുന്ന കുടുംബത്തെ സംരക്ഷിച്ചുവന്നത്. ഭാര്യ: സി. ശോഭ. മക്കൾ: ഗ്രീഷ്മ, ഗ്രീന ലക്ഷ്മി, ജിഷ്ണ. മരുമകൻ: അജീഷ്. സഹോദരങ്ങൾ: ശേഖരൻ, കൗസല്യ, ചന്ദ്രമതി, നന്ദിനി, സരോജിനി, പരേതനായ ബാലൻ.

പ്രവാസി തട്ടിപ്പ്: സി.പി.എം ബ്രാഞ്ച് സെക്രട്ടറിയെ പുറത്താക്കി

തളിപ്പറമ്പ: പ്രവാസി ക്ഷേമനിധി തട്ടിപ്പുമായി ബന്ധപ്പെട്ട് സി.പി.എം ബ്രാഞ്ച് സെക്രട്ടറിയെ പുറത്താക്കി. സി.പി.എം അനുകൂല സംഘടനയായ പ്രവാസി സംഘം തളിപ്പറമ്പ ഏരിയാ സെക്രട്ടറിയും പറശിനിക്കടവ് ബ്രാഞ്ച് സെക്രട്ടറിയുമായ കൃഷ്ണനെയാണ് സി.പി.എം പുറത്താക്കിയത്. 300 ഓളം പേരിൽ നിന്ന് ഒരു കോടിയിലേറെ രൂപയാണ് കൃഷ്ണനും ജീവനക്കാരി കവിത രാജീവനും ചേർന്ന് തട്ടിപ്പ് നടത്തിയത്. തട്ടിപ്പ് വാർത്ത പുറത്ത് വന്നതോടെ കൃഷ്ണനെ പ്രവാസി സംഘം ഏരിയാ സെക്രട്ടറി സ്ഥാനത്ത് നിന്ന് പുറത്താക്കിയിരുന്നു. ഇവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തതോടെ രണ്ടുപേരും ഒളിവിൽ പോയിരിക്കുകയാണ്. പ്രവാസികൾ സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജനെ കണ്ട് സംസാരിച്ചതിനെ തുടർന്ന് പോലീസ് അന്വേഷണം ഊർജിതപ്പെടുത്തിയിട്ടുണ്ട്. തളിപ്പറമ്പ ഡി.വൈ.എസ്.പി. കെ.വി. വേണുഗോപാലന്റെ നിർദേശപ്രകാരം തളിപ്പറമ്പ സ്റ്റേഷനിൽ അന്വേഷണത്തിനായി പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്.

ഇവരുടെ ഫോൺ കോൾ കേന്ദ്രീകരിച്ചാണ് മുഖ്യമായും അന്വേഷണം നടക്കുന്നത്.

അതേസമയം വഞ്ചിക്കപ്പെട്ട പ്രവാസികളുടെ രക്ഷയ്ക്ക് രാഷ്ട്രീയ പാർട്ടികൾ രംഗത്തുവരാത്തതിനെതിരെ കടുത്ത പ്രതിഷേധം ഉയർന്നിട്ടുണ്ട്. 10ഉം, 15ഉം വർഷം വിദേശത്ത് ജോലി ചെയ്ത്വരെയാണ് തട്ടിപ്പിന് വിധേയരാക്കിയത്. ക്ഷേമനിധിയിലേക്ക് അടച്ച പണം നഷ്ടപ്പെട്ടതിന് പുറമെ പെൻഷൻ പദ്ധതിയിൽ നിന്നും തന്നെ പുറത്താകുമോ എന്ന ഭീതിയിലാണ് പ്രവാസികളും അവരുടെ ബന്ധുക്കളും.